# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 35** **29-06-2015 ലെ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് സ്കീം

| | ചോദ്യം<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | | മറുപടി<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് സ്കീമിന്റെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന വ്യക്തമാക്കുമോ; | (എ) | 1. 21/04/2015 വരെ 86876 രോഗികൾക്ക് 701.25 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒറ്റതവണ ചികിത്സാ ധനസഹായമായി 26902 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>2. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജ് ആശുപത്രികളിൽ (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്) 10 ഡയാലിസിസ് മിഷ്യൻ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള കാരുണ്യ ഡയാലിസിസ് സെന്റർ 11/07/2013 മുതൽ പൂർണ്ണരീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം, മെഡിക്കൽ കോളേജ് ഒഴികെ, കോഴിക്കോട്, ആലപ്പുഴ, തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ സെന്ററുകളുടെ നിർമ്മാണം തുടങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>3. 1069 ഹീമോഫീലിയ രോഗികളെ പ്രത്യേകമായി രജിസ്റ്റർ ചെയ്ത് അത്യാവശ്യ ഘട്ടങ്ങളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലൂടെ ഫാക്ടർ (മരുന്ന്) നല്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>4. സർക്കാർ ആശുപത്രികൾക്കു പുറമെ 72 സർക്കാരിതര അക്രഡിറ്റഡ് ആശുപത്രികളിൽ കൂടി ചികിത്സാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകി അവയിൽ 27 എണ്ണം പ്രവർത്തനത്തിലാണ്.<br>കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ലാ/ താലൂക്ക് സർക്കാർ ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>വൃക്കമാറ്റിവയ്ക്കുന്ന രോഗികൾക്ക് വൃക്ക നൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽ നിന്നും 1 ലക്ഷം രൂപ അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിലും ഭാരിച്ച ചികിത്സാ ചിലവ് കണക്കിലെടുത്ത് ഓരോ രോഗിയ്ക്കും പരിധിയില്ലാതെ ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട് |
| (ബി) | മാരക രോഗങ്ങൾക്ക് തുടർചികിത്സ ആവശ്യമായി വരുന്ന നിർദ്ധന രോഗികൾക്ക് അധിക തുക പ്രത്യേകമായി അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളിൽ നിന്നുള്ള ലാഭം ഉപയോഗിച്ചാണ് ചികിത്സാ ധനസഹായം നൽകുന്നത്. പ്രസ്തുത വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചു നൽകുന്നതിന് തടസ്സമുണ്ട് |

Jayanth

**സെക്ഷൻ ഓഫീസർ.**